## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമ പഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്കും നിലവിൽ പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമ പഞ്ചായത്തിൽ ഹെഡ് ക്ലാർക്കായി സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. ജഗദമ്മ. എം ബഹു കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1556/2015 നമ്പർ അപേക്ഷയിന്മേൽ ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം.1229/2016/തസ്വഭവ തീയതി, തിരുവനന്തപുരം08/3/2016**

---

പരാമർശം:
1. സ.ഉ(എം.എസ്) നം 459/80/പൊഭവ തീയതി 03/10/1980
2. സ.ഉ(എം.എസ്) നം 34/88/ഉഭപവ തീയതി 11/07/1988
3. സ.ഉ(പി) നം 12/04/ഉഭപവ തീയതി 10.09.2004
4. സ.ഉ(എം.എസ്) നം 105/07/തസ്വഭവ തീയതി 04/04/2007
5. ശ്രീമതി ജഗദമ്മ എം ബഹു കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1556/2015 നമ്പർ കേസ്സിൻമേലുള്ള 18/09/2015 ലെ ഉത്തരവ്
6. പഞ്ചായത്ത് ഡയറക്ടറുടെ 20/10/2015 ലെ ഇ 3-34662/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമ പഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്കും നിലവിൽ പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമ പഞ്ചായത്തിൽ ഹെഡ് ക്ലാർക്കായി സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. ജഗദമ്മ. എം ബഹു കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1556/2015 നമ്പർ അപേക്ഷയിന്മേൽ പരാമർശം 5 പ്രകാരം അനക്സർ എ 4 നിവേദനം പരിശോധിച്ച് അപേക്ഷകയെയും ബന്ധപ്പെട്ട മറ്റ് ആളുകൾ ഉണ്ടെങ്കിൽ അവരെയും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി നേരിൽ കേട്ട് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ രണ്ട് മാസങ്ങൾക്കകം തീരുമാനമെടുക്കണമെന്ന് കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

2. തിരുവനന്തപുരം കരുംകുളം ഗ്രാമപഞ്ചായത്തിൽ ഹെഡ്ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ജഗദമ്മ എം-നെ അപേക്ഷ കൂടാതെ തന്നെ പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയെന്നും ടിയാൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളാണെന്നും 2 വർഷം ഇടുക്കി ജില്ലയിലെ വിദൂര മലയോര മേഖലയിൽ ജോലി ചെയ്തിട്ടുണ്ടെന്നും വൃദ്ധരായ അമ്മയെയും ഭർതൃമാതാവിനെയും പരിചരിക്കേണ്ടതുണ്ടെന്നും അതിനാൽ തന്നെ വിദൂര ജില്ലയിലേക്ക് സ്ഥലംമാറ്റിയ ഉത്തരവ് റദ്ദാക്കണമെന്നും തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിലോ സമീപ പഞ്ചായത്തുകളിലോ നിയമനം നല്കണമെന്നാണ് അനക്സർ എ 4 പ്രകാരം ശ്രീമതി ജഗദമ്മ എം അപേക്ഷിച്ചിരുന്നത്.

3. പൊതുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് പൊതുസ്ഥലമാറ്റത്തിൽ പുന:പരിശോധിക്കുമെന്ന നിബന്ധനക്ക് വിധേയമായാണ് പാറശ്ശാല ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ജഗദമ്മ എം-നെ ഹെഡ്ക്ലാർക്കായി പരിവർത്തനം ചെയ്ത് കരുംകുളം ഗ്രാമപഞ്ചായത്തിൽ നിയമിച്ചതെന്നും പൊതുസ്ഥലംമാറ്റ ഉത്തരവ് അന്തിമമാക്കി പ്രസിദ്ധീകരിച്ചപ്പോൾ ജൂനിയറായ ശ്രീമതി ജഗദമ്മ എം-നെ പത്തനംതിട്ടയിലെ

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും കരുംകുളം ഗ്രാമപഞ്ചായത്തിൽ പൊതുസ്ഥലംമാറ്റ അപേക്ഷ പ്രകാരം സീനിയറായ എറണാകുളം തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ്ക്ലാർക്ക് ശ്രീ ജോയ് എം.ഡി-യെ സ്ഥലംമാറ്റി നിയമിക്കുകയുമാണ് ചെയ്തതെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 6 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

4. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ശ്രീമതി ജഗദമ്മ എം-നെ 14.01.2016 ന് നേരിൽ കേൾക്കുകയുണ്ടായി. നേരിൽകേട്ട സമയത്ത് ടിയാൾ ഇപ്രകാരം ബോധിപ്പിക്കുകയുണ്ടായി:- കരുംകുളം ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ടിയാൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളെന്ന പരിഗണനയോ നിലവിലെ സ്റ്റേഷനിൽ 2 മാസം മാത്രമേ ജോലി ചെയ്തിട്ടുണ്ടായിരുന്നുള്ളുവെന്നതും ഇടുക്കി ജില്ലയിൽ 2 വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട് എന്ന വസ്തുതകളോ കണക്കിലെടുക്കാതെയാണ് പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴയിലേക്ക് സ്ഥലംമാറ്റിയെന്നും വൃദ്ധരായ അമ്മയെയും ഭർതൃമാതാവിനെയും പരിചരിക്കാനിപ്പോൾ ബുദ്ധിമുട്ടുകയാണെന്നും വ്യക്തമാക്കുകയുണ്ടായി. കൂടാതെ പൊതുസ്ഥലംമാറ്റ വ്യവസ്ഥകളൊന്നും പരിശോധിക്കാതെയും തിരുവനന്തപുരം ജില്ലയിൽ ഒഴിവുകളുണ്ടായിരുന്ന കാര്യങ്ങൾ പരിഗണിക്കാതെയുമാണ് അനക്സർ 2 പ്രകാരമുള്ള പൊതുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചതെന്നും ടി ഉത്തരവ് റദ്ദാക്കി തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമ പഞ്ചായത്തിലോ സമീപ പഞ്ചായത്തുകളിലോ നിയമനം നൽകണമെന്ന് ടിയാൾ അപേക്ഷിക്കുക യുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമ പഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്കും നിലവിൽ പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമ പഞ്ചായത്തിൽ ഹെഡ് ക്ലാർക്കായി സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി ജഗദമ്മ എം-നെ, പരാമർശം 1 മുതൽ 4 വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ / മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിലോ സമീപ പഞ്ചായത്തുകളായ ഒറ്റശേഖരമംഗലം/ കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലോ സ്ഥലംമാറ്റി നിയമിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇപ്രകാരം പരാമർശം 5 പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18/09/2015 ലെ ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**

ഗവ.അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി ജഗദമ്മ എം, ഹെഡ് ക്ലാർക്ക്, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.ഇ-428/ഇപിഎ 1/2015)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ